മിഷൻ 676-കയർ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

249 (1306) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിനുകീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവ ഓരോന്നിനും എത്രയുക വീതം നീക്കിവച്ചിട്ടുണ്ട്; ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ ഇത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എല്ലാ പദ്ധതികളുടേയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ്?

ഉത്തരം

(എ) കയർ വകുപ്പിനുകീഴിൽ മിഷൻ 676-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി തൊണ്ട് സംഭരണം പരിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതി. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്ന പദ്ധതി. ഡീഫൈബറിംഗ് മേഖലകളിൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഒരു വിഹിതം വേതനം നൽകി ചകിരിയുടെ ലഭ്യത ഉറപ്പാക്കൽ.

2. കയർ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കുന്ന പദ്ധതി.

3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുക.

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുക.

5. കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകുന്ന പദ്ധതി.

6. ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി സ്ഥാപിക്കൽ.

പ്രസ്തുത പദ്ധതികൾക്ക് പ്രത്യേക തുക നീക്കിവച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതാണ്ടെല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ മേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ എന്നിവ വികസിപ്പിക്കുന്ന നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തൊണ്ടുസംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടുസംഭരണം പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്.

സിവിൽ സപ്ലൈസ് - വില വർദ്ധനവ്

250 (1307) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട്ലെറ്റുകളിൽ അരി, പലവ്യഞ്ജനങ്ങൾ അടക്കമുള്ള അവശ്യവസ്തുക്കളുടെ വില, എത്ര പ്രത്യേക സാഹചര്യത്തിലാണ് ഗണ്യമായ തോതിൽ വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) മന്ത്രിസഭാ തീരുമാനത്തിന്റെയോ ഏതെങ്കിലും കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമോ ആണോ പ്രസ്തുത വിലവർദ്ധനവ് നടപ്പിൽ വരുത്തിയിരിക്കുന്നത് എന്നും, വിലവർദ്ധനവിന്റെ ഇനം തിരിച്ചുള്ള വിവരങ്ങളും അറിയിക്കാമോ?

ഉത്തരം

(എ) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവരുന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന വില ഈ സാമ്പത്തിക വർഷം പുനർനിർണ്ണയിച്ചിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം

LIBRARY ARCHIVES Kerala Legislative Assembly